(ബി) ജീവനക്കാർക്ക് വേണ്ടുന്ന സൗകര്യങ്ങൾ, യാത്രക്കാർക്ക് ബസ് കാത്തുനിൽക്കുന്നതിനുള്ള സൗകര്യങ്ങൾ, ഇരിപ്പിടങ്ങൾ, സുരക്ഷാ ക്രമീകരണങ്ങൾ, ടോയ്ലറ്റ് സൗകര്യങ്ങൾ, കച്ചവടസ്ഥാപനങ്ങളും അവയ്ക്കു വേണ്ടുന്ന അനുബന്ധ സൗകര്യങ്ങളും, ഇലക്ട്രിസിറ്റി, വാട്ടർ സപ്ലൈ തുടങ്ങി ആധുനിക ഷോപ്പിംഗ് കോംപ്ലക്സ്-കം-ബസ് ടെർമിനലിന് ആവശ്യമായ എല്ലാ സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട്.

(സി) ആറേകാൽ (6.25) കോടി രൂപയാണ് നിർമ്മാണചെലവ് പ്രതീക്ഷിക്കുന്നത്. കൃത്യമായ തുക, നിർമ്മാണം പൂർത്തിയായശേഷമേ കണക്കാക്കുവാൻ സാധിക്കുകയുള്ളൂ. പലിശരഹിത നിക്ഷേപം സ്വീകരിക്കുക വഴിയാണ് തുക കണ്ടെത്തിയിരിക്കുന്നത്.

(ഡി) ഇതുവരെ ലേലം (Aucion) ചെയ്ത കടകളിൽ നിന്നായി രണ്ട് ലക്ഷത്തി എൺപത്തിയയ്യായിരം (2,85,000) രൂപയാണ് മാസ വാടകയായി ലഭിക്കുന്നത്.

ലോ ഫ്ളോർ ബസുകളുടെ നടത്തിപ്പ്

160 (757) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര സർക്കാർ സംസ്ഥാനത്തിന് എത്ര ലോ-ഫ്ളോർ എ.സി. ബസുകളാണ് അനുവദിച്ചിട്ടുള്ളത് ;

(ബി) ഈ ബസുകളുടെ ഒരു ദിവസത്തെ ശരാശരി വരുമാനം എത്ര ;

(സി) ഈ ബസുകൾ ലാഭകരമായി ഓടുന്നുണ്ടോ ;

(ഡി) ഇല്ലെങ്കിൽ നഷ്ടം കുറയ്ക്കുന്നതിന് സർക്കാർ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ;

(ഇ) സംസ്ഥാന സർക്കാർ എത്ര ലോഫ്ളോർ ബസുകളാണ് നിരത്തിലിറക്കിയിട്ടുള്ളത് ;

(എഫ്) ഇറക്കിയിട്ടില്ലെങ്കിൽ അതിന്റെ കാരണമെന്ത് ?

ഉത്തരം

(എ) ജനറം പദ്ധതി പ്രകാരം കേന്ദ്ര സംസ്ഥാന സർക്കാർ സഹായത്തോടെ സംസ്ഥാനത്തിന് 80 എ.സി ലോ ഫ്ളോർ ബസ്സുകളാണ് അനുവദിച്ചിട്ടുള്ളത്.

(ബി) പതിനായിരം രൂപയാണ് ഒരു ബസ്സിന്റെ ഒരു ദിവസത്തെ ശരാശരി വരുമാനം.

LIBRARY ARCHIVES Kerala Legislative Assembly

(സി) തേയ്മാന ചെലവ് ഉൾപ്പെടെയുള്ള ഒരു ബസ്സ് സർവ്വീസിന്റെ ആവശ്യമായ എല്ലാ ഘടകങ്ങളും കണക്കിലെടുക്കുമ്പോൾ പ്രസ്തുത സർവ്വീസുകൾ നഷ്ടത്തിലാണ്. എന്നാൽ ജീവനക്കാരുടെ ശമ്പളം,ഡീസൽ, മറ്റ് പ്രധാന അനുബന്ധ ചെലവുകൾ എന്നിവയ്ക്കുള്ള പണം പ്രസ്തുത സർവ്വീസിൽ ലഭ്യമാകുന്നുണ്ട്.

(ഡി) ടി ബസ്സുകൾ കടന്നുപോകുന്ന പ്രധാന ജംഗ്ഷനുകളിൽ സമയ വിവര പട്ടിക പ്രദർശിപ്പിച്ചും, പത്രമാദ്ധ്യമങ്ങളിലൂടെ വിവരങ്ങൾ നൽകിയും, യാത്രക്കാരുടെ അഭിപ്രായങ്ങൾ കണക്കിലെടുത്ത് റൂട്ടുകളിൽ ചെറിയമാറ്റങ്ങൾ വരുത്തിയും യാത്രക്കാരെ കൂടുതൽ ആകർഷിക്കുന്നതിനും, -അതുവഴി വരുമാനം വർദ്ധിപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഇ & എഫ്) ഇപ്പോൾ നിരത്തിലിറക്കിയിട്ടുള്ള ആകെ ബസ്സുകൾ 109 എ/സി- 46, നോൺ എ/സി-63.

കെ.എസ്.ആർ.ടി.സി.യുടെ ആസ്തി ബാദ്ധ്യതയും ലാഭവും

161 (758) ശ്രീ. എം. പ്രകാശൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് നിലവിൽ വരുമ്പോൾ കെ. എസ്. ആർ. ടി സി. യുടെ ആസ്തി-ബാദ്ധ്യതയും ലാഭവും എത്രയായിരുന്നു എന്നു വെളിപ്പെടുത്തുമോ ;

(ബി) ഇപ്പോൾ കെ. എസ്. ആർ. ടി. സി. യുടെ ആസ്തി-ബാദ്ധ്യതയും ലാഭവും എത്രയാണ് ;

(സി) ഈ ഗവൺമെന്റ് നിലവിൽ വന്നതിനുശേഷം എത്ര പുതിയ കെ. എസ്. ആർ. ടി. സി ബസ്സുകൾ നിരത്തിലിറക്കിയിട്ടുണ്ട് ;

(ഡി) ഇവയിൽ എത്ര സംസ്ഥാനാന്തര റൂട്ടുകളുണ്ട് എന്ന് അറിയിക്കുമോ ;

(ഇ) കണ്ണൂർ ജില്ലയിൽ എത്ര പുതിയ കെ. എസ്. ആർ. ടി. സി. ബസ്സുകളാണ് ഈ ഗവൺമെന്റിന്റെ കാലത്ത് നിരത്തിലിറക്കിയിട്ടുള്ളത് ; വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly